No. 277

D-DTN-K-NMB

# MALAYALAM

## Paper II

## (Literature)

*Time Allowed : Three Hours* | *Maximum Marks : 300*

***INSTRUCTIONS***

***Candidates should attempt questions 1 and 5 which are compulsory, and any THREE of the remaining questions selecting at least ONE question from each Section.***

***The number of marks carried by each question is indicated at the end of the question.***

***Answers must be written in Malayalam.***

## SECTION A

1. മൂന്നെണ്ണത്തിന്റെ സന്ദർഭം സൂചിപ്പിച്ച് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഓരോ ഉത്തരവും ഇരുനൂറ് വാക്കിൽ കവിയരുത് :

*20×3=60*

(a) ശാപം ചെയ്ത വചസ്സൊരു പദ്യ
ശരീരമിതെന്നു് അരികേ നിന്നരുളിയ
താപസനോടു പറഞ്ഞെഴുന്നരുളീ
ധർമ്മാത്മാ നിയമങ്ങൾ മുടിച്ചേ
ശോഭയൊടു ആശ്രമ മതിൽ വന്നവനൊടു
ചൊല്ലിതപ്പൊഴുത് അയൻ അഖിലേശൻ
"നിപരിചീടിന വാണിയിനാലേ
നിരുപമ കാവ്യം നിർമ്മിക്ക്" എന്റേ

(b) വ്യായാമം കൊണ്ടഴകിലുദിതാമോദമുച്ചൈശ്രവാവി -
ന്നായാസം ചൈതമലതുരഗംനി കരേറും ദശായാം
പ്രാണാപായം കരുതിന തുലിക്കൻപടക്കോപ്പിനെണ്ണം
ചൊൽവുണ്ടെല്ലോ,

സുരപരിഷദാമപ്പോടിച്ചാർത്തു ചെന്റു

(c) ക്ഷണമാത്ര വിയോഗ മുൾത്തടം
വ്രണമാക്കും പടി വാച്ചതെങ്കിലും
പ്രണയം തലപൊക്കിടാതെയി -
ന്നണലിപ്പാമ്പു കണക്കെ നിദ്രയായ്

(d) നിത്യം കടലെടുത്തീടും
ജന്മത്തിന്റെ തുരുത്തിൽ ഞാൻ
വളഞ്ഞിരുന്നു നുലിട്ടേ -
നതിൻ നീലക്കയങ്ങളിൽ.

*(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങളെ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക. ഓരോ ചോദ്യവും മൂന്ന് ഉപചോദ്യങ്ങൾ ചേർന്നതാണ്. എല്ലാ ഉപചോദ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉത്തരങ്ങൾ എഴുതണം. ഉപചോദ്യം ഒന്നിന് 20 മാർക്കു വീതം.)*

2. 'ഭീഷ്മപർവ്വ'ത്തെ ആസ്പദമാക്കി എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. *20×3=60*

(a) കിളിപ്പാട്ട് എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ സ്വഭാവ സവിശേഷതകൾ വിവരിക്കുക.

(b) യുദ്ധം ഇതിവൃത്തമാകുമ്പോൾ രസാവിഷ്കാരത്തിനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് പരിശോധിക്കുക.

(c) 'വീരരസാവിഷ്കാരത്തിൽ എഴുത്തച്ഛന് ഒരു പ്രത്യേക വൈഭവമുണ്ട്' — ഇത് സോദാഹരണം തെളിയിക്കുക.

3. 'പെരുന്തച്ചൻ' എന്ന കവിതയെ ആധാരമാക്കി എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. *20×3=60*

(a) പെരുന്തച്ചൻ എന്ന മിത്ത് കവിതയാക്കിയപ്പോൾ ജി. ശങ്കരക്കുറുപ്പു വരുത്തിയ മാറ്റങ്ങൾ വിവരിക്കുക.

(b) നാടകീയ സ്വഗതാഖ്യാനം (dramatic monologue) എന്ന സങ്കേതം ഉപയോഗിച്ചതുകൊണ്ട് ആഖ്യാന പരമായി എന്തു പ്രയോജനമാണ് കവിതയ്ക്കുണ്ടായത് ?

(c) കലാകാരന്റെ അഹന്തയും പിതാവിന്റെ പശ്ചാത്താപവും തമ്മിലുള്ള സംഘർഷത്തിന്റെ ആവിഷ്കാരമാണ് 'പെരുന്തച്ചൻ' — സമർത്ഥിക്കുക.

4. 'തീവണ്ടിയിലെ പാട്ട്' എന്ന കവിതയെ ആസ്പദമാക്കി എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. *20×3=60*

(a) ഈ കവിതയുടെ സാംസ്കാരികപശ്ചാത്തലം വിശദീകരിക്കുക.

(b) കാല്പനിക കവിതയുടെ രൂപശില്പവും ഭാവവും തമ്മിലുള്ള ബന്ധം 'തീവണ്ടിയിലെ പാട്ടി'നെ ഉദാഹരണമാക്കിക്കൊണ്ട് വിവരിക്കുക.

(c) ഭാവതാരള്യം കാല്പനിക കവിതയ്ക്കു് ഗുണമോ ദോഷമോ എന്നു് 'തീവണ്ടിയിലെ പാട്ടി'നെ ആസ്പദമാക്കി പരിശോധിക്കുക.

## SECTION B

5. മൂന്നുചോദ്യങ്ങൾക്കു് ഉത്തരമെഴുതുക. ഓരോന്നും ഇരുനൂറ്റു് വാക്കിൽ കവിയരുത് :

*20×3=60*

(a) 'ചെമ്മീൻ'എന്ന നോവലിൽ തകഴി അന്ധവിശ്വാസത്തെ ദൃഢമാക്കുകയാണു് ചെയ്തത് എന്ന വിമർശനത്തെ നിങ്ങൾ സാധൂകരിക്കുന്നുണ്ടോ ? വിശദീകരിക്കുക.

(b) ചങ്ങമ്പുഴ യുടെ ബാല്യകാലജിവിതത്തെക്കുറിച്ച് പ്രൊഫ. എം.കെ. സാനു നൽകുന്ന വിവരങ്ങൾ സംഗ്രഹിക്കുക.

(c) ചരിത്ര സംഭവത്തിനു് സ്വകിയമായ ഭാവനാരൂപം നല്കി അനശ്വര കലാസൃഷ്ടിയാക്കി മാററാൻ കലാകാരനു് സാധിക്കും — ഇതിന്റെ മികച്ച ഉദാഹരണമാന്നു് 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥ. — ഈ അഭിപ്രായം പരിശോധിക്കുക.

(d) തന്റെ ഉപനയന കർമ്മവുമായി ബന്ധപ്പെട്ട് വി.ടി. ഭട്ടതിരിപ്പാടിന്റെ ഓർമ്മയിൽ തെളിയുന്ന അനുഭവങ്ങൾ വിവരിക്കുക.

*(താഴേ കൊടുത്തിരിക്കുന്ന ചോദ്യങ്ങളെ അടിസ്ഥാനമാക്കി ഉപന്യാസം രചിക്കുക. ഓരോ ചോദ്യവും മൂന്ന് ഉപചോദ്യങ്ങൾ ചേർന്നതാണ്. എല്ലാ ഉപചോദ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം ഉത്തരങ്ങൾ എഴുതണം. ഉപചോദ്യം ഒന്നിന് 20 മാർക്ക് വീതം.)*

**6.** '1128-ൽ ക്രൈം 27'നെ ആധാരപ്പെടുത്തി എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. *20×3=60*

(a) മരണം ഒരു തമാശയാണെന്നു പത്രം ആപ്പീസിലെ സീൻ ഉപയോഗിച്ച് തെളിയിക്കുക.

(b) കോടതി രംഗത്തെ ആധാരമാക്കി മരണം ഒരു തമാശയാണെന്നു സ്ഥാപിക്കുക.

(c) മതം, കുടുംബം എന്നീ സാമൂഹികസ്ഥാപനങ്ങളുടെ പ്രഹസനത്വം ചൂണ്ടിക്കാണിക്കാൻ 'ക്രൈം' നാടകത്തിലൂടെ സി.ജെ. ശ്രമിച്ചിട്ടുണ്ട് — തെളിയിക്കുക.

**7.** 'ഭാരതപര്യടന'ത്തെ അടിസ്ഥാനപ്പെടുത്തി എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. *20×3=60*

(a) അംബയോടു പരശുരാമൻ കൃപോദാരനായി പെരുമാറി എന്നു തോന്നുമെങ്കിലും അദ്ദേഹത്തിന്റെ പ്രവൃത്തിക്കുമാർ കൊടുക്കുന്ന വ്യാഖ്യാനം എന്താണ്? വിവരിക്കുക.

(b) 'കർണ്ണന്റെ അരങ്ങേറ്റ'ത്തിൽ മഹാഭാരതവ്യാഖ്യാന ത്തോടൊപ്പം ജീവിതമൂല്യങ്ങള്ളുടെ വ്യാഖ്യാനവും മാരാർ നിർവഹിക്കുന്നുണ്ട് — സ്ഥാപിക്കുക.

(c) 'രണ്ട് അഭിവാദനങ്ങ'ളിൽ ആരുടെ അഭിവാദനമാണ് കൂടുതൽ ശ്രേഷ്ഠം ? എന്തുകൊണ്ട് ?

**8.** 'ഇന്ദുലേഖ'യെ ആധാരമാക്കി എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. *20×3=60*

(a) ഇന്ദുലേഖയ്ക്കു ലഭിച്ച വിദ്യാഭ്യാസത്തിലെ ആധുനികരീതികൾ എന്തെല്ലാം ?

(b) ഇന്ദുലേഖ എന്ന യുവതി പ്രതിനിധാനം ചെയ്യുന്ന സ്ത്രീസങ്കല്പം എങ്ങനെയുള്ളതാണ് ?

(c) ആധുനിക വിദ്യാഭ്യാസം സ്ത്രീപുരുഷബന്ധത്തിൽ വരുത്തിയ പരിവർത്തനങ്ങൾ സംഗ്രഹിച്ചെഴുതുക.